**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 816 28.02.2018 -ലെ മറുപടിക്ക്.

തൊഴിൽ വകുപ്പിന് കീഴിലുള്ള ബോർഡുകളുടെ സംയോജനം

ചോദ്യം

**ശ്രീ.ഹൈബി ഈഡൻ**
**ശ്രീ.എ.പി. അനിൽ കുമാർ**
**ശ്രീ.അടൂർ പ്രകാശ്**
**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ:**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തൊഴിൽ വകുപ്പിന് കീഴിലുള്ള പല ബോർഡുകളുടെയും ചെലവ് ഗണ്യമായി ഉയരുകയും അവയ്ക്ക് കീഴിലുള്ള തൊഴിലാളികൾക്ക് ആനുകൂല്യം നൽകുവാൻ സർക്കാർ സഹായം നൽകേണ്ട സാഹചര്യം സംജാതമാകുകയും ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ക്ഷേമനിധി ബോർഡുകളിൽ പുതിയതായി അംഗത്വമെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയും പെൻഷൻകാരുടെ എണ്ണം വർദ്ധിച്ചുവരികയും ചെയ്യുന്ന സാഹചര്യമാണുള്ളത്. ഇത്തരത്തിൽ ക്ഷേമനിധി ബോർഡുകളുടെ വരുമാനം കുറഞ്ഞുവരുന്ന സ്ഥിതി ഉള്ളതിനാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബോർഡുകൾക്ക് പെൻഷൻ സർക്കാർ ധനസഹായത്തോടെയാണ് നൽകി വരുന്നത്. എന്നാൽ മറ്റ് ആനുകൂല്യങ്ങളെല്ലാം എല്ലാ ബോർഡുകളും സ്വന്തം ഫണ്ട് ഉപയോഗിച്ചാണ് നൽകിവരുന്നത്. എന്നാൽ വിവിധ ക്ഷേമനിധി ബോർഡുകൾക്ക് ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ ഗ്രാൻറ് നൽകുന്നുണ്ട്. എന്നാൽ പൊതുവായി ക്ഷേമനിധി ബോർഡുകളുടെ ഭരണചെലവ് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സാഹചര്യം നേരിടുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | (ബി) (സി) & (ഡി) | ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും സാമ്പത്തികമായി സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി സമാനസ്വഭാവമുള്ള ക്ഷേമനിധി |
| (സി) | സമാന സ്വഭാവമുള്ള ബോർഡുകളെ സംയോജിപ്പിച്ച് ഒരു | | |

| | | | |
|---|---|---|---|
| | കുടക്കീഴിലാക്കിയാൽ ഭരണച്ചെലവ് കുറയ്ക്കാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; | | ബോർഡുകളുടെ സംയോജനം നടത്തുന്നത് സംബന്ധിച്ച കാര്യം സർക്കാർ പരിശോധിച്ച വരുന്നു. |
| (ഡി) | എങ്കിൽ ഇപ്രകാരം വരുമാനം കുറഞ്ഞ ക്ഷേമനിധി ബോർഡുകളെ ലയിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; ഏതൊക്കെ ബോർഡുകളെയാണ് ഇത്തരത്തിൽ ലയിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ